# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4082 25.06.2014-ലെ മറുപടിക്ക്

## കൊച്ചി മെഡിക്കൽ കോളേജിലെ പി.ജി. കോഴ്സുകളിലേക്കുള്ള പ്രവേശനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ.കെ. ശശീന്ദ്രൻ<br>ശ്രീ. തോമസ് ചാണ്ടി | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ)മെഡിക്കൽ പി.ജി. ഡിപ്ലോമകോഴ്സുകളുടെ പ്രവേശന നടപടികൾ സുതാര്യമാക്കാത്തതിനാൽ കൊച്ചി മെഡിക്കൽ കോളേജിന് അനുവദിച്ച അഞ്ചു പി.ജി. കോഴ്സുകൾ ഇക്കൊല്ലം നഷ്ടമാകുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) എറണാകുളം ഗവ. മെഡിക്കൽ കോളേജിന് അനുവദിച്ച 5 പി.ജി. കോഴ്സുകൾ നഷ്ടമായിട്ടില്ല |
| ബി) കേന്ദ്ര ക്വാട്ടയിൽ പ്രവേശനത്തിനുള്ള അവസാന ലിസ്റ്റിൽ ഈ കോഴ്സുകൾ ഉൾപ്പെടുത്തിയിട്ടുണ്ടോ; കേന്ദ്ര ക്വാട്ടയിലേക്കുള്ള അവസാന ഓപ്ഷൻ നൽകേണ്ടത് എന്നായിരുന്നുവെന്ന് വ്യക്തമാക്കാമോ; ഓപ്ഷൻ നൽകിയിട്ടില്ലെങ്കിൽ അതിന് ഉത്തരവാദി ആരാണെന്ന് വെളിപ്പെടുത്തുമോ; | ബി) ഉണ്ട്. കേന്ദ്ര ക്വാട്ടയിലേക്കുള്ള അവസാന ഓപ്ഷൻ നൽകേണ്ടത് 25.05.2014 മുതൽ 09.06.2014 വരെയാണ്. |
| സി)സുപ്രീംകോടതി നിർദ്ദേശപ്രകാരം സംസ്ഥാന ലിസ്റ്റ് പ്രസിദ്ധപ്പെടുത്തേണ്ടത് എന്നാണെന്ന് വ്യക്തമാക്കുമോ; ഈ തീയതിക്കകം സംസ്ഥാന ലിസ്റ്റ് പ്രസിദ്ധപ്പെടുത്താൻ സാധിക്കുമോയെന്ന് വെളിപ്പെടുത്താമോ? | സി) ബഹു. സുപ്രീംകോടതിയുടെ വിധി പ്രകാരം സംസ്ഥാന ക്വാട്ടയിലെ മൂന്നാം ഘട്ട അലോട്ട്മെന്റ് പൂർത്തിയാക്കേണ്ടത് 2014 ജൂൺ 25-ാം തീയതിക്കുള്ളിലാണ്. ഈ തീയതിയിൽ അലോട്ട്മെന്റ് പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ